"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിന്റെ അനക്സ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടകക്കരാർ പുതുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.226/2026/TAXES തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:- 1. 30.01.2025-ലെ ജി.ഒ.(ആർടി)നം.81/2025/നികുതി

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 06.02.2026-ലെ SLTY/180/2026-MOD3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനക്സ് ഓഫീസ് പ്രവർത്തിക്കുന്ന കെ.ടി.ഡി.എഫ്.സി. FC-1 B കെട്ടിടത്തിന്റെ വാടകക്കരാർ 23.02.2025 മുതൽ 17.02.2026 വരെ 360 ദിവസത്തേയ്ക്ക് 10% കോമൺ ഏര്യ ചാർജ്ജും 18% ചരക്ക് സേവന നികുതിയും ഉൾപ്പെടെ പ്രതിമാസം ₹99,842/- (തൊണ്ണൂറ്റൊൻപതിനായിരത്തി എണ്ണൂറ്റി നാല്പത്തി രണ്ട് രൂപ മാത്രം) നിരക്കിൽ പുതുക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കിയിരുന്നു.

2.പ്രസ്തുത വാടകക്കരാർ 17.02.2026-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, 18.02.2026 മുതൽ 12.02.2027 വരെയുള്ള 360 ദിവസത്തേയ്ക്ക് നിലവിലെ നിരക്കിൽ വാടകക്കരാർ പുതുക്കുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിന്റെ അനക്സ് പ്രവർത്തിക്കുന്ന കെ.ടി.ഡി.എഫ്.സി.യുടെ ഉടമസ്ഥതയിലുള്ള FC-1 B കെട്ടിടത്തിന്റെ വാടകക്കരാർ 18.02.2026 മുതൽ 12.02.2027 വരെയുള്ള 360 ദിവസത്തേയ്ക്ക് പ്രതിമാസം ₹99,842/- (തൊണ്ണൂറ്റൊൻപതിനായിരത്തി എണ്ണൂറ്റി നാല്പത്തി രണ്ട് രൂപ മാത്രം) നിരക്കിൽ [അടിസ്ഥാന വാടക ₹76,920/- + കോമൺ ഏര്യ ചാർജ്ജ് - ₹7,692/- (അടിസ്ഥാന

വാടകയുടെ 10%) + 18% ചരക്ക് സേവന നികുതി] പുതുക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (TAXES-H1/37/2026-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 23-02-2026 14:37:56

സെക്ഷൻ ഓഫീസർ